കുററിയാടി പദ്ധതിക്ക് സ്ഥലത്തുനിന്ന് സിമൻറ് ബ്ലാക്കുകൾ മാററപ്പെട്ടതെക്കുറിച്ച് ഇന്നലെ റൂൾ 61 അനുസരിച്ച് ഉന്നയിക്കപ്പെട്ട കാര്യത്തിന് മറുപടി പറയേണ്ടതുണ്ട്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർ, അടുത്ത ദിവസം പറയാം.

## Ruling from the Chair

മി. സ്പീക്കർ: ആർഡർ, ആർഡർ. ഈ മാസം 28-ം തീയതി നിയമസഭ സമ്മേളിച്ചുകൊണ്ടിരുന്ന വേളയിൽ നിയമസഭാമന്ദിരത്തിന്റെ വടപ്പിലേക്കുള്ള പ്രധാന കവാടം കുറച്ചുനേരത്തേക്ക് ബന്ധിച്ചിരുന്നതുമൂലം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് പുറത്തേക്ക് പോകുന്നതിന് താൽക്കാലികമായ മാർഗ്ഗതടസ്സം ഉണ്ടായി എന്ന് സി. ബി. സി. വാര്യരും പ്രതിപക്ഷ ഉപനേതാവ് ശ്രീമതി ഗൗരിയമ്മയും ഇന്നലെ സഭയിൽ ഉന്നയിച്ച ആക്ഷേപം അർഹിക്കുന്ന ഗൗരവത്തോടെ ഞാൻ പരിശോധിക്കുകയുണ്ടായി. ഇക്കാര്യത്തിൽ എന്റെ പ്രതികരണം ഞാൻ ഉടനെതന്നെ സഭയെ അറിയിക്കുകയും ചെയ്തുവല്ലോ. സാങ്കേതികമായി നോക്കുകയാണെങ്കിൽ പ്രസ്തുത കവാടം നിയമസഭയുടെ പ്രിസിങ്ക്റ്റ്സിൽ ഉൾപ്പെടുന്നതല്ല. എന്നിരുന്നാലും അംഗങ്ങൾക്ക് നിയമസഭാ മന്ദിരത്തിലേക്ക് കടന്നുവരാനുള്ള പ്രധാനമാർഗ്ഗമെന്ന നിലയിൽ, നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോഴും അതിന് തൊട്ടു മുൻപും പിൻപും ഉള്ള സമയങ്ങളിലും കുറച്ച് സമയത്തേക്ക് പോലും ആ കവാടം അടച്ചിട്ട് അംഗങ്ങൾക്ക് പ്രതിബന്ധം സൃഷ്ടിക്കുന്നത് ന്യായീകരിക്കത്തക്കതല്ല.

അംഗങ്ങൾ നിയമസഭയിലേക്ക് കടന്നുവരുമ്പോഴോ തിരിയെ പോകുമ്പോഴോ അവരെ അറസ്റ്റു ചെയ്യുകയോ നിയമസഭാ പ്രവർത്തനത്തെ പ്രതിബന്ധപ്പെടുത്തണമെന്ന ഉദ്ദേശത്തോടെ തടഞ്ഞുവയ്ക്കുകയോ അവരെ ഉപദ്രവിക്കുകയോ അധിക്ഷേപിക്കുകയോ ചെയ്തിരുന്നാൽ മാത്രമേ അവകാശലംഘനത്തിന്റെ പ്രശ്നം ഉദിക്കുന്നുള്ളു.

ഒരു വലിയ ജനക്കൂട്ടത്തിന്റെ പ്രകടനം ഉണ്ടാകുമെന്ന് അധികാരികൾക്ക് നേരത്തെ റിപ്പോർട്ടു കിട്ടിയിരുന്ന സ്ഥിതിക്ക് ഏതെങ്കിലും അടിയന്തിര പരിതഃസ്ഥിതിയെ നേരിടാനോ അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാനോ ഈ കവാടം അടയ്ക്കേണ്ടത് അത്യാവശ്യമാണെന്ന് സ്പീക്കറെ ബോധ്യപ്പെടുത്തിയതിന് ശേഷം വേണ്ട നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. സ്പീക്കറുടെ അംഗീകാരമോ അനുമതിയോ കൂടാതെ ഇപ്രകാരം പ്രവർത്തിച്ചത് നീതീകരണം അർഹിക്കുന്ന ഒരു നടപടിയായി എനിക്ക് തോന്നുന്നില്ല.

മേലിൽ ഒരിക്കൽപോലും ഇത് ആവർത്തിക്കാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമെന്ന് ഞാൻ കരുതുന്നു.

## LEGISLATIVE BUSINESS

### The Kerala Appropriation (No. 2) Bill, 1971

*Chief Minister* (**Shri C. Achutha Menon**): Sir, I introduce the Kerala Appropriation (No. 2) Bill, 1971.

**Mr. Speaker:** The Bill stands introduced.

**Chief Minister:** Sir, I move that the Bill be taken into consideration.

*Home Minister* (**Shri. C. H. Mohammed Koya**): Sir, I second it.

LIBRARY ARCHIVES Kerala Legislative Assembly